**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2722 — 12.10.2011-ലെ മറുപടിയ്ക്ക്

## എല്ലാ പഞ്ചായത്തുകളിലും കൺസ്യൂമർഫെഡ് റീട്ടെയിൽ ഷോപ്പുകൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ. കെ. നാരായണൻ | ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കൺസ്യൂമർഫെഡിന്റെ റീട്ടെയിൽ ഷോപ്പുകൾ തുറക്കുന്ന കാര്യം പരിഗണിക്കുമോ;<br>(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (എ) യും (ബി) യും വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ലക്ഷ്യമിട്ട് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും മിനി ത്രിവേണി സ്റ്റോറുകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.<br>മിനി ത്രിവേണി സ്റ്റോർ തുടങ്ങുന്നതിന് ശരാശരി 600 മുതൽ 800 ചതുരശ്ര അടി വിസ്തൃതിയുള്ള കെട്ടിടം ആവശ്യമാണ്. ആയതിലേക്ക് അനുയോജ്യമായ സ്ഥലം വാടക കൂടാതെ ലഭ്യമാക്കുന്ന പഞ്ചായത്തുകൾക്ക് മുൻഗണന നൽകി മിനി ത്രിവേണി സ്റ്റോറുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ